**അടിയന്തിര ശ്രദ്ധയ്ക്ക്**
**സമയപരിധിവച്ചുള്ള നടപടികൾക്ക്**

# സർക്കുലർ

സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തിവരുന്ന **'ക്ലീൻ കാമ്പസ്-സേഫ് കാമ്പസ്'** പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് എല്ലാ വിദ്യാലയാധികൃതരും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ കേന്ദ്ര ഗവൺമെന്റ് ആരംഭിക്കുന്ന **'മിഷൻ സ്വച്ഛ ഭാരത്'** എന്ന പദ്ധതിയുടെ ഭാഗമായി മറ്റു വകുപ്പുകളോടൊപ്പം വിദ്യാഭ്യാസ വകുപ്പിനേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു മാസത്തെ ശുചിത്വ പ്രചരണ പ്രവർത്തനങ്ങൾ നടത്തുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ഇതിന് മേൽനോട്ടം വഹിക്കുന്നതിന് താഴെ പറയുന്ന മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | ശ്രീ. വി. എസ്. ശിവകുമാർ |
| കൊല്ലം | - | ശ്രീ. ഷിബു ബേബിജോൺ |
| പത്തനംതിട്ട | - | ശ്രീ. അടൂർ പ്രകാശ് |
| ആലപ്പുഴ | - | ശ്രീ. രമേശ് ചെന്നിത്തല |
| കോട്ടയം | - | ശ്രീ. കെ.എം. മാണി |
| ഇടുക്കി | - | ശ്രീ. പി.ജെ. ജോസഫ് |
| എറണാകുളം | - | ശ്രീ. കെ. ബാബു |
| തൃശ്ശൂർ | - | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പാലക്കാട് | - | ശ്രീ. എ.പി. അനിൽ കുമാർ |
| മലപ്പുറം | - | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി |
| കോഴിക്കോട് | - | ഡോ. എം.കെ. മുനീർ |
| വയനാട് | - | കുമാരി. പി.കെ. ജയലക്ഷ്മി |
| കണ്ണൂർ | - | ശ്രീ. കെ.സി. ജോസഫ് |
| കാസർഗോഡ് | - | ശ്രീ. കെ.പി. മോഹനൻ |

ഇതിന്റെ ഭാഗമായി ഇക്കൊല്ലത്തെ ഗാന്ധിജയന്തിയോടനുബന്ധിച്ച് 2014 ഒക്ടോബർ 2 മുതൽ 10 വരെ ഓരോ ദിവസവും സ്കൂളുകൾക്ക് നടപ്പാക്കാനാവുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ ചുവടെ ചേർക്കുന്നു. ഈ കാലയളവിൽ ഓരോ ദിവസവും എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യണമെന്ന കാര്യത്തിൽ സ്കൂളുകൾക്ക് സൗകര്യാനുസരണം ക്രമീകരിക്കാവുന്നതാണ്.

1. സ്കൂൾ അസംബ്ളി സംഘടിപ്പിക്കുകയും ഗാന്ധിജിയുടെ ചിത്രത്തിൽ ഹാരാർപ്പണം നടത്തിയതിനുശേഷം ഗാന്ധിയൻ ചിന്തകളെ സംബന്ധിച്ചും അവയുടെ ആനുകാലിക പ്രസക്തിയെ സംബന്ധിച്ചും ഒരു സന്ദേശം നൽകേണ്ടതാണ്. ഇത് അദ്ധ്യാപകർ നേരിട്ട് നടത്തുകയോ പുറമെ നിന്നുള്ള പ്രമുഖ വ്യക്തികളെക്കൊണ്ട് നടത്തിക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ ഗാന്ധിജിയെപ്പറ്റിയുള്ള "ഗാന്ധി" "മേക്കിംഗ് ഓഫ് മഹാത്മ" എന്നീ സിനിമകളിൽ ഏതെങ്കിലുമൊന്ന് പ്രദർശിപ്പിക്കാവുന്നതുമാണ്.

2. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ് മുറികളും ഫർണ്ണീച്ചറുകളും മറ്റും വൃത്തിയും വെടിപ്പുമുള്ളതാക്കുക.

3. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരപ്രദേശങ്ങളിൽ (മുറ്റം, ഗ്രൗണ്ട് തുടങ്ങിയവ) ശുചീകരണപ്രവർത്തനങ്ങൾ നടത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക. പരമാവധി പ്ളാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സുരക്ഷിതമായ രീതിയിൽ നിർമാർജ്ജനം ചെയ്യുക.

4. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ് മുറികളിലെയും ശുചിമുറികളിലേയും മറ്റും ചുമരുകളിൽ ചായം പൂശുക.

5. മതിയായ ശുചിമുറികൾ നിർമ്മിക്കുക, മലിനജലം കെട്ടിക്കിടക്കാതിരിക്കാൻ വേണ്ട സംവിധാനങ്ങൾ നടപ്പാക്കുക, പച്ചക്കറിത്തോട്ടം/പൂന്തോട്ടം നിർമ്മിക്കുക.

6. കുടിവെള്ള സംവിധാനം കാര്യക്ഷമമാക്കുക, കിണറുകളും കുടിവെള്ള ടാങ്കുകളും വൃത്തിയാക്കുക, പൊട്ടിയ ടാപ്പുകൾ നന്നാക്കുക തുടങ്ങിയവ

7. പ്ളാസ്റ്റിക് കവറുകൾ നിക്ഷേപിക്കുന്നതിനും നശിപ്പിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുക. മറ്റ് ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നശിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ നടപ്പാക്കുക.

8. ഉച്ചഭക്ഷണം തയ്യാറാക്കുന്ന അടുക്കള, പാത്രങ്ങൾ, പരിസരം എന്നിവ വൃത്തിയും വെടിപ്പുമുള്ളതാക്കുക.

9. മദ്യത്തിന്റെയും മറ്റു മയക്കമരുന്നുകളുടെയും ഉപയോഗം മൂലമുള്ള ദൂഷ്യവശങ്ങൾ പരിസര ശുചീകരണത്തിന്റെ പ്രാധാന്യം എന്നിവ പ്രചരിപ്പിക്കുന്നതിനായി പ്ലക്കാർഡുകളും മറ്റും ഉൾപ്പെടുത്തി റാലികൾ സംഘടിപ്പിക്കേണ്ടതും വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മറ്റു പൊതുജനങ്ങൾക്കുമായി ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

ഇതോടൊപ്പം ദേശീയ പരിപാടിയായ 'മിഷൻ സ്വച്ഛ ഭാരത്' ആചരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1. ഈ പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾ, തദ്ദേശ ഭരണസ്ഥാപനങ്ങൾ, പ്രമുഖ വ്യക്തിത്വങ്ങൾ, സന്നദ്ധ സംഘടനകൾ, അദ്ധ്യാപക രക്ഷാകർത്തൃസംഘടനകൾ, NCC/NSS/സ്കൗട്ട്സ് എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രമിക്കണം.
2. പ്രചരണ പ്രവർത്തനങ്ങൾക്കായി കലാ-സാഹിത്യ ഉപാധികൾ പ്രയോജനപ്പെടുത്തേണ്ടതാണ്.
3. സ്കൂളും, പരിസരവും വൃത്തിയാക്കുന്നതോടൊപ്പം ഈ കാലയളവിൽ സ്വന്തം വീടും പരിസരവും വൃത്തിയാക്കാൻ പരിശ്രമിക്കണമെന്ന ഒരു സന്ദേശം കൂടി കുട്ടികൾക്ക് നൽകേണ്ടതാണ്.
4. സ്വന്തം വിദ്യാലയ കാമ്പസ് ശുചീകരിക്കുന്നതോടൊപ്പം പരിസരത്തുള്ള ഒരു പൊതുസ്ഥലം (ആശുപത്രി, ബസ് സ്റ്റാന്റ് മുതലായവ) പൊതുശ്രദ്ധ കിട്ടത്തക്ക വിധത്തിൽ ശുചീകരിക്കേണ്ടതാണ്.
5. ഓരോ കുട്ടിയും ശുചിത്വപരിപാലനത്തിന്റെ ഒരു അംബാസിഡർമാരായി സ്വയം കരുതണമെന്നും ആ ബോധ്യത്തോടെ പെരുമാറണമെന്നും അവരിൽ അവബോധം സൃഷ്ടിക്കുക.
6. നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന സ്കൂളിന് സമ്മാനം നൽകുക.

7. ഈ പ്രവർത്തനങ്ങൾക്ക് അച്ചടി/ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി വ്യാപകമായ പ്രചരണം നൽകാൻ നടപടി സ്വീകരിക്കുക.
8. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓരോ ഉദ്യോഗസ്ഥരും അവരവരുടെ വാസസ്ഥലത്തിന് സമീപമുള്ള സ്കൂളുമായി ബന്ധപ്പെട്ട് ഈ കാലയളവിനുള്ളിലെ അവധി ദിവസങ്ങളിൽ ഈ പ്രവർത്തനങ്ങളിൽ പങ്കാളിയാവണമെന്ന് നിർദ്ദേശിക്കുക.
9. ഈ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ജില്ലാതല മോണിറ്ററിംഗ് സമിതി /സ്കൂൾതല സമിതികളും പ്രത്യേക PTA/SMC യോഗങ്ങളും ചേരേണ്ടതാണ്.
10. സ്കൂൾ ഹെൽത്ത് പ്രോഗ്രാം/ലഹരി വിരുദ്ധ ക്ലബ്ബ് തുടങ്ങിയ വിവിധ ക്ലബ്ബുകളുടെയും സമിതികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തുക.
11. ഈ പരിപാടി സംബന്ധിച്ച് സ്കൂൾ അസംബ്ളിയിൽ ഈ കാലയളവിൽ നടന്ന പ്രവർത്തനങ്ങളെ കുറിച്ച് റിപ്പോർട്ട് അവതരിപ്പിക്കുകയും ഭാവിപ്രവർത്തനത്തിനുള്ള നിർദ്ദേശങ്ങൾ സഹിതം സ്കൂൾ മേധാവികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്കും, ഡി.പി.ഐയ്ക്കും അയച്ചുകൊടുക്കേണ്ടതും അവ ക്രോഡീകരിച്ച് വകുപ്പദ്ധ്യക്ഷൻമാർക്ക് നൽകേണ്ടതുമാണ്.

**A SHAJAHAN, IAS**
**Secretary to Government**

To

The Director of Public Instructions
The Director of Higher Secondary Education
The Director of Vocational Higher Secondary Education
Assistant Directors of VHSE
Regional Deputy Director of HSE
Deputy Directors of Education.

Endt. No. Acd C1/ 43762 /14 Dated: 27/9/14

For information and further necessary steps.

Assistant Director
(Academic)

1. The Principals of all higher secondary schools
2. The RDDs concerned.

Thiruvananthapuram
Date